*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച് 3, 2004**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 26A

ഓം.... ഓം.... ഓം....
*സായിരാം*

*ഭഗവാന്റെ ചരണകമലങ്ങളിൽ പ്രണാമങ്ങളോടെ,*

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

## "സനാതനഗുരു ഗുരുക്കന്മാരെ അഭിസംബോധന ചെയ്യുന്നു"

2004 ജാനുവരി 25-ന് സ്വാമി അനന്തപൂർ കാമ്പസ്സിലെ ടീച്ചർമാരെ അഭിസംബോധന ചെയ്യുകയുണ്ടായി. അനന്തപൂർ കാമ്പസ്സിലെ ഫാക്കൽറ്റി അംഗങ്ങൾക്ക് അവിടെ 3 ദിവസത്തെ ഒരു പരിശീലനം സംഘടിപ്പിച്ചിരുന്നു. അവരുടെ വിടവാങ്ങൽ ചടങ്ങ് ഇവിടെ, പ്രശാന്തിനിലയത്തിൽവച്ച് നടത്തുന്നതിന് ഭഗവാൻ അനുഗ്രഹപൂർവം അനുവദിക്കുകയുണ്ടായി, അതുകൊണ്ട് അവരെല്ലാവരും ഇവിടെ എത്തിയിരിക്കുകയാണ്. പരിഭാഷകൻ എന്ന നിലയ്ക്കുള്ള എന്റെ ഔദ്യോഗികഡ്യൂട്ടിക്ക് ഞാൻ ഹാജരാകണം എന്ന അറിയിപ്പ് പെട്ടെന്നാണ് എനിക്ക് ലഭിച്ചത്.
അവിടുന്ന് ടീച്ചർമാരെ അറിയിച്ച ഏറ്റവും പ്രധാന കാര്യങ്ങൾ, നിശ്ചയമായും എല്ലാ ഭക്തർക്കും പ്രയോജനകരമായിരിക്കും, പ്രത്യേകിച്ച് അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്. അവിടുന്ന് അരുളിയത് പങ്കുവയ്ക്കുന്നതിന് ഞാനാഗ്രഹിക്കുകയാണ്.

**ഒന്ന്**: ഒരു അധ്യാപകൻ തന്റെ തൊഴിലിനെ സ്നേഹിക്കണം. ഒരു അധ്യാപകൻ തന്റെ വിദ്യാർത്ഥികളെ സ്നേഹിക്കണം. ഇതുവഴി, തന്റെ കഴിവിന്റെ പരമാവധി, തന്നിൽനിന്നും പ്രതീക്ഷിക്കുന്ന കാര്യങ്ങൾ നിറവേറ്റുന്നതിന് അയാൾക്ക് കഴിയും. സ്നേഹം ഇല്ലെങ്കിൽ, അയാൾക്ക് ആരെയും സന്തോഷിപ്പിക്കാനാവില്ല, അയാളുടെ അധ്യാപനവും നിഷ്പ്രയോജനമായിരിക്കും. പ്രേമഭാവത്തോടെ കാര്യങ്ങൾ നന്നായി പകരാനാവും.

**രണ്ട്**: അധ്യാപകർ വിദ്യാർത്ഥികളെ ഐക്യഭാവം(spirit of oneness) പഠിപ്പിക്കണം. എല്ലാവരും ഒന്നാണ്; നാം മതത്തിന്റെയോ നിറത്തിന്റെയോ ദേശീയതയുടെയോ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടവരല്ല. നാം മാനവജാതിയിൽ പെട്ടവരാണ്. നാം ഒരിക്കലും സ്വയം വിഭജിതരാവാൻ അനുവദിക്കരുത്. ഈ വസ്തുത വളരെ വ്യക്തമായിരിക്കണം. സ്വർണം



അനന്തപൂർ കോളജ് ഉത്ഘാടനം: 1971

കൊണ്ട് നിങ്ങൾക്ക് മോതിരം ഉണ്ടാക്കാം. അതേ സ്വർണം ഉരുക്കിയിട്ട് കമ്മലും ഉണ്ടാക്കാം. ആഭരണത്തിന്റെ പേരും രൂപവും മാറാം, എന്നാൽ സ്വർണം അതുതന്നെ. ഇതേപോലെ, നാം പല ദേശത്തുള്ളവരാവാം, പലേ കാരണങ്ങളാലും വ്യത്യസ്തരാവാം. പക്ഷേ, അടിസ്ഥാനപരമായി, നാം മാനവകുലത്തിൽ, മനുഷ്യസമൂഹത്തിൽ പെട്ടവരാണ്. ഈ സമത്വമാണ് വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടത്.

**മൂന്ന്**: നമ്മെ ഏൽപ്പിക്കപ്പെട്ട വിദ്യാർത്ഥികളിൽ ദേശസ്നേഹം വളർത്തണം. അവർ ഏത് രാജ്യക്കാരുമാവട്ടെ. അമേരിക്കയെ സ്നേഹിക്കാനായി അമേരിക്കക്കാരെ പഠിപ്പിക്കണം. ജർമനിയെ സ്നേഹിക്കാനായി ജർമൻകാരെ പഠിപ്പിക്കണം. നിങ്ങൾ നിങ്ങളുടെ രാജ്യത്തിനെ സ്നേഹിക്കണം. നിങ്ങൾ നിങ്ങളുടെ സംസ്കാരത്തെ സ്നേഹിക്കണം. നിങ്ങൾക്ക് നിങ്ങളുടെ രാജ്യത്തോട് പ്രതിബദ്ധത വേണം. അധ്യാപകർ അവസരം കിട്ടുമ്പോഴൊക്കെ വിദ്യാർത്ഥികളുടെ മനസ്സിൽ ദേശസ്നേഹം വളർത്തണം. ഇത് അത്യന്താപേക്ഷിതമാണ്.

**നാല്**: ഐക്യം വളരെ ആവശ്യമുള്ളതാണ്, എന്തുകൊണ്ടെന്നാൽ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ, എല്ലാ വിഭാഗങ്ങൾക്കും ഒരൊറ്റ ലക്ഷ്യമാണുള്ളത്; അറിവിന്റെ വിതരണം (dissemination of

knowledge). നമ്മുടെ കുട്ടികളുടെ പുരോഗതി, അവരുടെ മുന്നേറ്റം, അവരുടെ സ്വഭാവ രീതി നാം നിരീക്ഷിക്കുന്നു. ഇണക്കിച്ചേർക്കുന്ന ഒരു ഘടകം ഉണ്ടായിരിക്കണം. ഒരു സാഹചര്യത്തിലും, നാം ഭിന്നിക്കാൻ പാടില്ല.



## "എനിക്ക് നിങ്ങളെ ആവശ്യമുണ്ട്"

എന്നിട്ട് ഭഗവാൻ അരുളി, "ഞാൻ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു. നിങ്ങൾ നിങ്ങളുടെ കർത്തവ്യം നിറവേറ്റാൻ ഒരുങ്ങിയാൽ, നിങ്ങൾക്കു വേണ്ടതൊക്കെ തരുന്ന തിന് ഞാൻ തയ്യാറാണ്. എന്തും! ഞാൻ നിങ്ങളെയും, നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ ആരോഗ്യത്തെയും സംരക്ഷിക്കും. സ്വാമി എല്ലായ്പോഴും നിങ്ങളെ പിന്തുണ യ്ക്കും. ഇത് ഓർത്തുകൊള്ളുക!"

ഈശ്വരന്റെ താങ്ങോടെ സ്വന്തം കാലിൽ നിൽക്കുന്നതിന് ഇത് നമുക്ക് ഒരു ദൃഢവി ശ്വാസവും ധൈര്യവും നൽകുന്നു, കാരണം, അന്നേ ദിവസം ഭഗവാൻ അവിടുത്തെ ഈ ഉറപ്പാണ് നൽകിയത്.

അപ്പോൾ ആരോ തിരക്കി, "ഭഗവാൻ, അവിടുത്തെ ആരോഗ്യസ്ഥിതി ഇപ്പോളെങ്ങനെ?"

അവിടുന്ന് പറഞ്ഞു, ‘‘എനിക്കൊന്നും സംഭവിച്ചിട്ടില്ല. എനിക്ക് സുഖമാണ്! എനിക്ക് സുഖമാണ്!’’

മറ്റാരോ ചോദിക്കുകയുണ്ടായി, ‘‘എപ്പോളാണ് അവിടുന്ന് സാധാരണപോലെ നടക്കുക?’’

‘‘ഞാൻ നടക്കുന്നുണ്ട്, എനിക്ക് സുഖമാണ്’’, അവിടുന്ന് പറഞ്ഞു.

തനിക്ക് ഒന്നും സംഭവിച്ചിട്ടില്ലെന്നാണ് അവിടുന്ന് പറയുന്നത്. തനിക്ക് സുഖമാണെന്നാണ് അവിടുന്ന് പറയുന്നത്.

അപ്പോൾ ആരോ പറഞ്ഞു, ‘‘സ്വാമീ, ഞങ്ങൾക്ക് ഭഗവാനെ വേണ ം.’’

ബാബ മറുപടി പറഞ്ഞു, ‘‘എനിക്ക് നിങ്ങളെ വേണം! എനിക്ക് നിങ്ങളെ വേണം!’’




ഭഗവാൻ ടീച്ചർമാരോട് പറഞ്ഞ മറ്റൊരു കാര്യവും നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടുന്ന് ഇന്റർവ്യൂ മുറിയിൽനിന്ന് പുറത്തുകടക്കാറായപ്പോൾ പറയുകയുണ്ടായി, ‘‘ഈശ്വരൻ എല്ലാവരുടെയും ഉള്ളിൽ ‘ഞാൻ(I)’ എന്ന രൂപത്തിൽ ഉണ്ടെന്ന് മനസ്സിലാക്കുക.’’

‘‘നിങ്ങൾ ആരാണ്?’’ എന്ന് ഞാൻ ചോദിക്കുമ്പോൾ ‘‘ഞാൻ ഇന്നയാളാണ്, ഇന്നയാളാണ്’’ എന്ന് നിങ്ങൾ മറുപടി തരുന്നു. എല്ലാവരും ‘ഞാൻ’ എന്ന് പറയുന്നു. ഈ ‘ഞാൻ’ നിങ്ങളുടെ ഉള്ളിലെ ദിവ്യത്വമാണ്. ഈ ‘ഞാൻ’ എല്ലാവർക്കും പൊതുവായി ഉള്ളതാണ്. ഒരിക്കൽ എല്ലാവരിലെയും ഈ ‘ഞാൻ’ എന്ന സാമാന്യത നാം ഗ്രഹിച്ചാൽ, നാം ഒരുമിച്ച് നിൽക്കും.

ഭഗവാൻ ആ ടീച്ചർമാരോട് ഇതും അരുളുകയുണ്ടായി, "മൂന്നു ദിവസമായി നിങ്ങൾ മാനവമൂല്യവിദ്യാഭ്യാസത്തെക്കുറിച്ചുള്ള സെമിനാറിൽ പങ്കെടുക്കുകയായിരുന്നു. ഈ മൂല്യങ്ങൾ മറ്റെവിടെനിന്നെങ്കിലും നിങ്ങൾ ആവാഹിക്കുന്നതാണെന്ന് കരുതുന്നുണ്ടോ? മാനവമൂല്യങ്ങൾ എവിടെയാണ്? നിങ്ങൾ അവ പഠിക്കുന്നതാണോ? നിങ്ങൾ മനുഷ്യജീവിയാണ്, ശരി തന്നെ! അതുകൊണ്ട്, നിങ്ങൾ മാനവമൂല്യങ്ങളുമായാണ് ജനിച്ചിട്ടുള്ളത്. ഒരു വൃക്ഷം വൃക്ഷത്തിന്റെ ഗുണങ്ങൾ ആർജ്ജിക്കുന്നതല്ല. ഒരു മൃഗം മൃഗത്തിന്റെ ഗുണങ്ങൾ ആർജ്ജിക്കുകയല്ല. ഇതുപോലെ, ഒരു മനുഷ്യജീവിയും മാനവമൂല്യങ്ങൾ പഠിക്കേണ്ട ആവശ്യമില്ല, എന്തുകൊണ്ടെന്നാൽ, അവൻ അവയുമായാണ് ജനിച്ചിട്ടുള്ളതുതന്നെ."



ഭഗവാൻ ബാലവികാസ് റാലിയിൽ

ടീച്ചർമാരുടെ കോൺഫറൻസിൽ ഞങ്ങൾ ശ്രമിക്കുന്നത്, നമ്മിൽത്തന്നെ ലീനമായ, നേരത്തേതന്നെ ഉണ്ടായിരുന്ന, മാനവമൂല്യങ്ങളെപ്പറ്റി കേവലം നമ്മെത്തന്നെ ഓർമ്മിപ്പിക്കുന്നതിനാണ്. അത്രമാത്രം! ഒരു അധ്യാപകന്റെ ജോലിയെന്നത് കുട്ടികളിൽ മുമ്പുതന്നെ ഉള്ള ഈ മൂല്യങ്ങൾ പുറത്തുകൊണ്ടുവരികയാണ്.

ഭഗവാൻ ഇപ്രകാരവും അരുളുകയുണ്ടായി, "ഞാൻ വന്നത് ഈ ദൗത്യത്തിനായാണ്-നിങ്ങളെ നിങ്ങളുടെ മൂല്യത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നതിന്, നിങ്ങളുടെ ദിവ്യത്വത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നതിന്. ഈ ജോലി ആരുതന്നെ ചെയ്താലും അവർക്ക് എന്റെ നിസ്സീമമായ അനുഗ്രഹം ഉണ്ടാവും."

ഭഗവാൻ ആ ദിവസം അധ്യാപകരോട് അരുളിച്ചെയ്ത കാര്യങ്ങൾ ഇതൊക്കെയാണ്.

## ഒരു വിദ്യാർത്ഥിയുടെ സഹോദരിക്ക് ഭഗവാന്റെ വിവാഹസമ്മാനം

ഭഗവാൻ ആ ദിവസം ചെയ്ത രണ്ട് സുപ്രധാന ചമത്കാരങ്ങളെപ്പറ്റിയും നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇന്റർവ്യൂമുറിയിൽനിന്ന് പുറത്തുകടന്നയുടനെ, പെട്ടെന്ന്, അവിടുന്ന് ഒരു ആൺകുട്ടിയെ വിളിച്ചു. എന്നിട്ട്, അവിടുന്ന് അവനെ വെറുതെ നോക്കിയിട്ട് അവന്റെ സഹോദരിയുടെ വിവാഹക്ഷണപത്രം വാങ്ങി.

ആ പയ്യൻ പറഞ്ഞു, "സ്വാമീ, ഇത് എന്റെ സഹോദരിയുടെ കല്യാണക്കുറിയാണ്."

"ശരി", പോയി അവിടെ ഇരുന്നുകൊള്ളാൻ അവിടുന്ന് അവനോട് പറഞ്ഞു.

ആ കുട്ടി ചെന്ന് പത്താമത്തേയോ പതിനഞ്ചാമത്തേയോ വരിയിൽ ഇരുന്നു, അവന്റെ അന്നത്തെ സീറ്റ് അതായിരുന്നു. ആരതി കഴിഞ്ഞപ്പോൾ, മറ്റൊരു കവറിൽ മാംഗല്യസൂത്രം, വിവാഹദിവസം വധുവിന് നൽകാനുള്ള പവിത്രക്കെട്ട് അഥവാ സ്വർണ്ണച്ചരട്, ആണ് അവൻ കണ്ടത്. അവൻ അത്ഭുതസ്തബ്ധനായിപ്പോയി, അവൻ എന്നോടിത് പറയുകയുണ്ടായി.

ഇത് കേട്ടിട്ട് ഞാൻ വളരെ ആവേശഭരിതനായി. പറ്റാവുന്നിടത്തോളം ഗ്രൂപ്പുകളിൽ ഞാനിത് പങ്കുവയ്ക്കുകയാണ്, എന്തുകൊണ്ടെന്നാൽ എന്റെ മനോവികാരം നിങ്ങളും മനസ്സിലാക്കണം. എനിക്കറിയാവുന്നതൊക്കെ എല്ലാവരുമായും പങ്കുവയ്ക്കാത്തിടത്തോളം എനിക്ക് മനസ്സമാധാനമില്ല. അതെ, ഏറ്റവും വലിയ ആനന്ദം ഇതാണ്!

## മറ്റൊരു വിഭൂതി വിസ്മയം

ഇനി മറ്റൊരു ചമത്കാരം നിങ്ങളുമായി പങ്കുവയ്ക്കാം. ഇവിടെനിന്നും പതിനഞ്ച് മണിക്കൂർ യാത്രയുള്ള ഖമ്മം എന്നു പേരായ ഒരു ജില്ലയുണ്ട്. ഖമ്മത്തിന് തൊട്ടടുത്തായി ചിലുകുരു എന്നു പേരുള്ള ഒരു ചെറിയ ഗ്രാമമുണ്ട്. നമ്മുടെ സേവാദളുകൾ അവിടെ ചെന്നിട്ട് കുറച്ച് സേവ ചെയ്യുകയുണ്ടായി. അവിടെ ഇടിഞ്ഞുപൊളിഞ്ഞ് അവഗണിക്കപ്പെട്ട സ്ഥിതിയിലുള്ള ഒരു ഹനുമാൻക്ഷേത്രം അവർ ശ്രദ്ധിച്ചു. എന്തുതന്നെയായാലും അവിടെ പൂജാരിയില്ല, ദിവസാരാധനയില്ല, ഒന്നുംതന്നെയില്ല. അതുകൊണ്ട് സേവാദളു

കൾ ആ പരിസരമൊക്കെ വൃത്തിയാക്കി; അവരാ ക്ഷേത്രം മുഴുവനും വെള്ള പൂശി. അവരവിടെ ഉണ്ടായിരുന്നിടത്തോളം അവർ ബാബയുടെ ചിത്രവും അവിടെ വയ്ക്കുകയുണ്ടായി.



ഹനുമാൻ കഥകളിയിൽ: കല്യാണസൗഗന്ധികം

ഭഗവാന്റെ ചിത്രത്തിൽനിന്ന് വിഭൂതി ധാരധാരയായി പ്രവഹിക്കാൻ തുടങ്ങി. ഹനുമാന് സേവ ചെയ്തത് അംഗീകരിച്ച്, സ്വീകരിച്ചുകൊണ്ടുള്ള ഭഗവാന്റെ ദയാവായ്പിൽ ആ സേവാദളുകൾ അത്യധികം ആനന്ദിച്ചു.

ഈ പ്രവൃത്തിയിലൂടെ ഹനുമാനും താനും ഒന്നുതന്നെയാണെന്ന് അവിടുന്ന് ഉറപ്പിക്കുകയായിരുന്നു. സേവാദളുകൾ ക്ഷേത്രപരിസരത്ത് ഭജനും നടത്തുകയുണ്ടായി. മുഴുവൻ ചെമപ്പു നിറത്തിൽ ബാബയുടെ മുഖം അവർ ഫോട്ടോയിൽ കാണുകയുണ്ടായി. സാധാരണയായി ഹനുമാന്റെ മുഖം ചെമപ്പു(സിന്ദൂരം) പൂശിയ നിറത്തിലാണ് കാണപ്പെടുക, നമ്മിൽ മിക്കവരും അത് കണ്ടിട്ടുണ്ടാവും. ബാബയുടെ മുഖത്തും അതുതന്നെയാണവർ കണ്ടത്. ഈ സംഭവവും പങ്കുവയ്ക്കുന്നതിനാണ് ഞാൻ ആഗ്രഹിച്ചത്.

## ആദ്ധ്യാത്മിക സംഭാഷണങ്ങൾ

ഇനി 2004 ഫെബ്രുവരി 7-ാം തീയതി ഞാൻ എന്റെ ചില സുഹൃത്തുക്കളുമായി നടത്തിയ കൗതുകകരമായ ഒരു സംഭാഷണം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അവരോട് സംസാരിക്കുന്നതിൽ എനിക്ക് വലിയ സന്തോഷമായിരുന്നു, അതിനുശേഷം, ഞാൻ അതെപ്പറ്റി സ്വാമിയോട് പറയുകയുണ്ടായി. പ്രഭുവിന് വളരെ സന്തോഷമായി. ഞാൻ പറഞ്ഞതൊക്കെ അവിടുന്ന് കേട്ടു, അവസാനം അവിടുന്ന് പറഞ്ഞു, "നീ അവരിൽനിന്ന് പഠിച്ചു. അവർ നിന്നേക്കാൾ ഒത്തിരി മെച്ചമാണ്." ഭഗവാനിൽനിന്ന് ഈ കമന്റ് കേൾക്കുന്നത് എനിക്ക് സന്തോഷമാണ്, എന്തുകൊണ്ടെന്നാൽ തിരുത്തപ്പെടുകയെന്നത് വളരെ നല്ല കാര്യമാണ്.

ഭഗവാൻ എല്ലായ്പോഴും പറയും, "വിളക്കിനു ചുവട്ടിൽ നിൽക്കുന്നവർക്ക് പ്രകാശം കാണാനാവില്ല, കാരണം അവർ നിഴലിലാണ് നിൽക്കുന്നത്. താമരപ്പൂവ് വളരെ അകലെ

നിന്നുതന്നെ വണ്ടുകളെ ആകർഷിക്കാൻ പോന്നതാണ്. എന്നിരുന്നാലും, ആ പൂവിനു ചുറ്റുമുള്ള തവളകളും പാമ്പുകളും അതിന്റെ വില അറിയണമെന്നില്ല. ഇതേപോലെ, എനിക്കൊപ്പം തങ്ങുന്ന നിങ്ങൾക്ക് എന്റെ മൂല്യം അറിയില്ല. വളരെ അകലെനിന്ന് വരുന്ന വിദേശികൾ, അവർക്ക് നിങ്ങൾ എല്ലാവരേക്കാളും എന്റെ വില അറിയാം.''

ഇത് കേവലം വിദേശികൾക്കുള്ള ഒരു പ്രശംസയല്ല. ഇത് നൂറു ശതമാനം സത്യമാണ്. എനിക്കിതറിയാം, കാരണം ഞാൻ സന്ദർശിച്ച വിദേശരാജ്യങ്ങളിലെ സ്ഥലങ്ങളും ഞാൻ സംഭാഷണം ചെയ്ത ആളുകളും ഭഗവാൻ പറഞ്ഞത് തീർച്ചയായും സാക്ഷ്യപ്പെടുത്തുന്നു.



ഞാൻ മുമ്പ് പറഞ്ഞതുപോലെ, ആവർത്തിക്കുന്നത് ഞാൻ ഗൗനിക്കുന്നില്ല: ഇവിടെ പ്രശാന്തിനിലയത്തിൽ ആരുംതന്നെ വിദേശികളല്ല. ആരുംതന്നെ വിദേശിയല്ല. അങ്ങനെ പറയുന്നത് തെറ്റാണ്. ഇവിടെ വരാത്തവരാണ് വിദേശികൾ. ബാബയെ കണ്ടിട്ടില്ലാത്തവർ വിദേശികളാണ്. നാമെല്ലാവരും അവിടുത്തെ സ്വന്തമാണ്. അവിടുന്ന് നമ്മുടെ പിതാവാണ്. അവർ വിദേശികളാണെന്ന് നിങ്ങൾക്കെങ്ങനെ പറയാനാവും? ഞാനത് സ്വീകരിക്കില്ല.

തന്നെയുമല്ല, നിങ്ങളിലെ സത്ത, നിങ്ങളിലെ ചൈതന്യം, നിങ്ങളിലെ പ്രജ്ഞ, നിങ്ങളിലെ ആത്മാവ്, എല്ലാവരിലും ഒന്നുതന്നെയാണ്. നാം ആത്മസാമ്രാജ്യത്തിലെ പ്രജകളാണ്, സ്വർഗരാജ്യത്തേതാണ്. സ്വർഗരാജ്യത്ത് എങ്ങനെയാണ് ഒരു വിദേശിയുണ്ടാവുക? നാമെല്ലാവരും ഒന്നാണ്. ഞാൻ ആത്മാർത്ഥമായി ഇങ്ങനെയാണ് വിശ്വസിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട ഒരു രസകരമായ സംഗതി നടന്നു. ഞാൻ പല രാജ്യങ്ങളിൽനിന്നുമുള്ള കുറച്ച് ഭക്തരെ കണ്ടു. എന്റെ പതിവ് സായാഹ്നനടത്തയ്ക്കിടയിൽ ഞാൻ അവരെ കടന്നുപോവാനിടയായി. പെട്ടെന്ന് അവർ പറഞ്ഞു, ''അനിൽകുമാർ, എന്തുകൊണ്ട്

താങ്കൾക്ക് ഞങ്ങൾക്കൊപ്പം കുറച്ചുസമയം ചെലവിട്ടുകൂടാ?'' സ്വാഭാവികമായും, ഞാൻ അവിടെ പോയി.

ഞാൻ അവരോട് തിരക്കി, ''നിങ്ങൾ എന്നെ അനുവദിക്കുകയാണെങ്കിൽ, നിങ്ങളെ ഓരോരുത്തരെയും ഇന്റർവ്യൂ ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ ചോദ്യങ്ങൾക്ക് മറുപടി തരുന്നതിന് നിങ്ങൾക്ക് താത്പര്യമുണ്ടോ?''

അവർ പറഞ്ഞു, ''എന്തുകൊണ്ടില്ല? ഞങ്ങൾ സന്തോഷപൂർവം അത് ചെയ്യും.''

ഞാനിത് സ്വാമിയെ ധരിപ്പിച്ചു. അതുകൊണ്ടാണ് ഞാനിത് ഇവിടെയുള്ള ഓരോരുത്തർക്കുമായി പങ്കുവയ്ക്കുന്നത്. നമ്മുടെ സുഹൃത്തുക്കളോട് ഞാൻ ചോദിച്ച ചോദ്യങ്ങളും, അവരതിന് തന്ന മറുപടികളും, തീർച്ചയായും, ഓരോരുത്തർക്കും പ്രയോജനകരമാവുമെന്ന് എനിക്കുറപ്പുണ്ട്.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)